
"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ് - വിധവ പുനർവിവാഹ ധനസഹായ പദ്ധതി (മംഗല്യ)- കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കുന്നത് സംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.151/2026/WCDD തീയതി,തിരുവനന്തപുരം, 14-03-2026

---

പരാമർശം:-
1. സ.ഉ.(സാധാ)നം.472/2008/സാക്ഷേവ തീയതി 12.11.2008.
2. സ.ഉ. (സാധാ)നം.44/2020/സാ.നീ.വ തീയതി, 21.01.2020.
3. വനിതശിശു വികസന ഡയറക്ടറുടെ 07.03.2026-ലെ ഡി.ഡബ്ല്യു.സി.ഡി-1309/2026-ഡബ്ല്യു.ഇ.സി-2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിധവ പുനർവിവാഹം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം നടപ്പിലാക്കിയിട്ടുള്ള 'മംഗല്യ' പദ്ധതിയിൽ വിവാഹം കഴിഞ്ഞ് 6 മാസം മുതൽ 1 വർഷം വരെ സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ കാലതാമസം പരിഗണിക്കാതെ അനുമതി നൽകുന്നതിനുള്ള അധികാരം പരാമർശം (2) പ്രകാരം അതത് ജില്ലാവനിത ശിശുവികസന ഓഫീസർമാർക്കാണ്. നിശ്ചിത സമയപരിധിയ്ക്കകം സമർപ്പിക്കാൻ കഴിയാതെ പോയ അപേക്ഷകളിന്മേൽ കാലതാമസം പരിഗണിയ്ക്കാതെ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് പൊതുവായ മാർഗനിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ പരാമർശം (3) പ്രകാരം വനിത ശിശു വികസന ഡയറക്ടർ സമർപ്പിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 'മംഗല്യ' പദ്ധതിയിൽ കാലതാമസം പരിഗണിക്കാതെ ധനസഹായം അനുവദിക്കുന്നതിന് ചുവടെ ചേർക്കുന്ന

മാർഗനിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി പരാമർശം (2) ലെ ഉത്തരവ് പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

- വിധവ പുനർവിവാഹ ധനസഹായ പദ്ധതിയായ മംഗല്യ പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി കാലാവധി വിവാഹ ശേഷം നാല് വർഷം ആയിരിക്കും.
- വിവാഹം കഴിഞ്ഞ് **ആറ് മാസം മുതൽ രണ്ട് വർഷം വരെ** കാലതാമസം വരുത്തുന്ന അപേക്ഷകളിൽ ജില്ലാവനിത ശിശു വികസന ഓഫീസർമാർക്ക് കാലതാമസം പരിഗണിയ്ക്കാതെ തീരുമാനം എടുക്കാവുന്നതാണ്.
- **രണ്ട് വർഷത്തിനുമേൽ നാല് വർഷം വരെ** കാലതാമസം വരുത്തുന്ന അപേക്ഷകളിന്മേൽ കാലതാമസം പരിഗണിയ്ക്കാതെ തീരുമാനം എടുക്കുന്നതിനുള്ള അധികാരം വനിതാ ശിശു വികസന ഡയറക്ടർക്കായിരിക്കും.
- നാല് വർഷം കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിക്കുന്ന സമയത്ത് തന്നെ നിരസിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സന്തോഷ് കുമാർ.റ്റി.കെ.

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം,

തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

(പ്രസിദ്ധീകരണത്തിന്)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ